'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - തിരൂരങ്ങാടി നഗരസഭ മുൻ സെക്രട്ടറി ശ്രീ.എസ്. ജയകുമാറിനെ സസ്പെന്റ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു.)വകുപ്പ്

സ.ഉ.(സാധാ) നം.93/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/01/2020

പരാമർശം:- വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 05.07.2019 തീയതിയിലെ സി.5(വി.സി.4/2019/എം.പി.എം.) 14730/2019 നമ്പർ കത്ത്.

ഉത്തരവ്

2008- ലെ കേരളാ നെൽവയൽ തണ്ണീർതട സംരക്ഷണ നിയമവും അതിനെ പിന്തുടർന്ന് വിവിധ കാലഘട്ടങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും ലംഘിച്ച് തിരൂരങ്ങാടി മുനിസിപ്പാലിറ്റി പരിധിയിൽ ഡാറ്റാ ബാങ്കിലുൾപ്പെട്ട ഭൂമിയിൽ നിയമവിരുദ്ധമായി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയത് വഴി 25.03.2017 മുതൽ 03.05.2018 തീയതി വരെ തിരൂരങ്ങാടി മുനിസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീ.എസ്. ജയകുമാർ തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യുകയും അതുവഴി മറ്റുള്ളവർക്ക് അനർഹമായ നേട്ടമുണ്ടാക്കുവാൻ ഇടയായി എന്നുമാരോപിച്ച് ശ്രീ.അബു സാലിഹ് കോയ തങ്ങൾ എം.പി., S/o സയ്ദ് മുഹമ്മദ് കോയ തങ്ങൾ, മേല്പള്ളപുരയിൽ വീട്, പള്ളിപ്പടി, പന്താരങ്ങാടി എന്നയാൾ ബഹു. എൻക്വയറി കമ്മീഷണർ & സ്പെഷൽ ജഡ്ജ് (വിജിലൻസ്) കോടതി കോഴിക്കോട് മുമ്പാകെ സമർപ്പിച്ച പരാതിയിൽ പി.ഇ.15/18/എം.പി.എം. നമ്പറായി പ്രാഥമികാന്വേഷണം നടത്തുകയും, പ്രാഥമികാന്വേഷണത്തിൽ കുറ്റാരോപിതനായ ശ്രീ. എസ്. ജയകുമാർ എന്നവർ 25.03.2017 തീയതി മുതൽ 03.05.2018 തീയതി വരെ തിരൂരങ്ങാടി മുൻസിപ്പൽ സെക്രട്ടറിയായി ഔദ്യോഗിക കൃത്യനിർവ്വഹണം ചെയ്തുവരവെ, പൊതുജന സേവകനെന്ന പദവി ദുരുപയോഗം ചെയ്ത് 2008 ലെ കേരളാ നെൽവയൽ തണ്ണീർതട സംരക്ഷണ നിയമവും, അതിനെ പിന്തുടർന്ന് വിവിധ കാലഘട്ടങ്ങളിൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളും ലംഘിച്ച് തിരൂരങ്ങാടി മുനിസിപ്പാലിറ്റി പരിധിയിൽ ഡാറ്റാ ബാങ്കിലുൾപ്പെട്ട ഭൂമിയിൽ നിയമവിരുദ്ധമായി കെട്ടിട നിർമ്മാണത്തിന് ഇടയായി എന്ന് ബോധ്യമായിട്ടുള്ളതിനാൽ, പ്രാഥമികാന്വേഷണ റിപ്പോർട്ട് ബഹു. കോടതി മുമ്പാകെ സമർപ്പിച്ചിരുന്നതും ബഹു. കോടതിയുടെ നിർദ്ദേശപ്രകാരം സർക്കാരിന്റെ അനുമതിയോടെ പ്രതിക്കെതിരെ 07.05.2019 തീയതി വിസി 04/2019/ എം.പി.എം. U/s 13(1) (d) r/w 13 (2) of Prevention of Corruption Act 1988 പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതും, കേസന്വേഷണം തുടർന്നു വരുന്നതുമാണെന്നും പ്രതി നഗരസഭാ സെക്രട്ടറിയായി സർവ്വീസിൽ തുടരുന്നപക്ഷം കേസ്സിന്റെ അന്വേഷണത്തെ പ്രതികൂലമായി ബാധിക്കാൻ ഇടയുള്ളതിനാലും, സാക്ഷികളെ സ്വാധീനിച്ച് തെളിവ് നശിപ്പിക്കാൻ സാധ്യതയുണ്ടെന്നുള്ള നിഗമനത്തിലും

പ്രതിയെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യാൻ വിജിലൻസ് ആൻറ് ആൻറി കറപ് ഷൻ ബ്യൂറോ ഡയറക്ടർ പരാമർശിത കത്ത് പ്രകാരം ശുപാർശ ചെയ്തു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ മഞ്ചേരി നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിക്കുന്ന ശ്രീ.എസ്. ജയകുമാർ സർവ്വീസിൽ തുടരുന്നപക്ഷം കേസ്സിന്റെ അന്വേഷണത്തെ പ്രതികൂലമായി ബാധിക്കാൻ ഇടയുള്ളതിനാലും, സാക്ഷികളെ സ്വാധീനിച്ച് തെളിവ് നശിപ്പിക്കാൻ സാധ്യതയുണ്ടെന്നുള്ള നിഗമനത്തിലും സുഗമമായ കേസന്വേഷണത്തിന് ടിയാനെ 1960 ലെ കേരളാ സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10(1)(ബി) പ്രകാരം ഉടൻ പ്രാബല്യത്തിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തു ഉത്തരവാകുന്നു. സസ്പെൻഷൻ കാലയളവിൽ ശ്രീ.എസ്.ജയകുമാറിന് Part I KSR Rule 55 പ്രകാരമുള്ള ഉപജീവന ബത്തയ്ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡീഷണല് സെക്രട്ടറി**

**പകർപ്പ്** -

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, വിജിലൻസ് & ആന്റി-കറപ് ഷൻ ബ്യൂറോ , തിരുവനന്തപുരം.

ശ്രീ. എസ്. ജയകുമാർ, മുനിസിപ്പൽ സെക്രട്ടറി (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ആഡിറ്റ്), തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിജിലൻസ് വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ